**കേരള സർക്കാർ**

സംഗ്രഹം

പൊതുഭരണം – മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം (സി.എം.ഒ. പോർട്ടൽ) വഴി ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നതിൽ വിഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നത് – സംബന്ധിച്ച്

---

പൊതുഭരണ (ഏകോപനം) വകുപ്പ്

സ.ഉ. (സാധാ) നം.1649/2022/പൊഭവ തിരുവനന്തപുരം, തീയതി, 22-4-2022.

---

പരാമർശം:- 1) 22/02/2019 -ലെ നം.43/എ.ആർ. 13(2)/19/ഉ.ഭ.പ.വ നമ്പർ സർക്കുലർ
2) 29/04/2019 -ലെ CMCC-7/51/2017-CMCC നമ്പർ സർക്കുലർ
3) ചീഫ് സെക്രട്ടറിയുടെ 03.08.2020 -ലെ 66/2020/CMCC നമ്പർ സർക്കുലർ
4) 05/08/2020 -ലെ CMCC-4/62/2020-CMCC നമ്പർ സർക്കുലർ
5) 01/07/2021 -ലെ CMCC-9/157/2020-CMCC നമ്പർ സർക്കുലർ
6) 16/10/2021 -ലെ CMCC-9/41/2021-CMCC നമ്പർ സർക്കുലർ
7) 15/11/2021 -ലെ CMCC-9/35/2021-CMCC നമ്പർ സർക്കുലർ
8) ചീഫ് സെക്രട്ടറിയുടെ 17/01/2022 -ലെ CMCC-4/23/2020-CMCC നമ്പർ സർക്കുലർ

## ഉത്തരവ്

മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം (സി.എം.ഒ പോർട്ടൽ) വഴി ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളും, മാനദണ്ഡങ്ങളും പരാമർശത്തിലെ സർക്കുലറുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം (സി.എം.ഒ പോർട്ടൽ) വഴി ലഭിക്കുന്ന പരാതികൾ തികച്ചും യാന്ത്രികമായി കൈകാര്യം ചെയ്യുകയും, യുക്തിരഹിതമായതോ, വ്യക്തമല്ലാത്തതോ ആയ മറുപടികൾ നൽകി തീർപ്പാക്കുകയും ചെയ്യുന്ന തെറ്റായ രീതി പല ഓഫീസുകളിലും തുടർന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യമന്ത്രിയുടെ പൊതുജനപരാതി പരിഹാര സംവിധാനമായ സി.എം.ഒ പോർട്ടൽ വഴി കൈമാറുന്ന പരാതികൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് പരാമർശത്തിലെ സർക്കുലറുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വിഴ്ച വരുത്തുന്നത് കൃത്യവിലോപമായി കണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന് വകുപ്പ് സെക്രട്ടറിമാരെയും വകുപ്പ് തലവന്മാരെയും അധികാരപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ആർ. ജ്യോതിലാൽ**
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ ഡെപ്യൂട്ടി സെക്രട്ടറിക്ക്
പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്
ജോയിന്റ് സെക്രട്ടറി, മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ